

പതിമൂന്നാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2014-2016)

അൻപത്തിയെട്ടാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2004-2006)യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിനാലാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2014-2016)

അൻപത്തിയെട്ടാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2004-2006)യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ മേക്കൺ റിപ്പോർട്ട്]

647/2016.

ഉള്ളടക്കം

		പേജ്
[illegible]	..	v
[illegible]	..	vii
[illegible]	..	1
അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർശിപാർശകളും	..	23

റോക്കേർഡ് റെണ്ട് അക്കൗണ്ടൻസ് കമ്മിറ്റി
(2014-2016)

ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്യുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

മുഖവുര

ലോകത്തിൽ ഹണ്ട് അക്കൗണ്ടിംഗ് കമ്മിറ്റി (2014-2016)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനന്തരണം അൻപതിനായിരുന്നാണ് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2004-2006)യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2016 ഫെബ്രുവരി 16-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

രമേഷ് കുമാർ,
അദ്ധ്യക്ഷൻ,
ലോകത്ത് ഹണ്ട് അക്കൗണ്ടിംഗ് കമ്മിറ്റി.

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

റിപ്പോർട്ട്

കോട്ടയം, ഇടുക്കി ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)യുടെ 12-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)യുടെ 12-ാമത് റിപ്പോർട്ട് 2006 ഫെബ്രുവരി മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചു. റിപ്പോർട്ടിൽ ആകെ 17 ശിപാർശകളാണുണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 10-11-2009, 15-5-2012, 27-8-2014 എന്നീ തീയതികളിലെ യോഗം പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ അധികവിവരം ആരായുകയും ചെയ്തു.

റിപ്പോർട്ടിലെ ശിപാർശ, ലഭിച്ച മറുപടി, സമിതി ആവശ്യപ്പെട്ട അധികവിവരം, അവയ്ക്ക് ലഭിച്ച മറുപടി, തുടർശിപാർശ എന്നിവ അദ്ധ്യായം I-ൽ ചേർത്തിരിക്കുന്നു. സമിതി ശിപാർശകൾക്ക് ലഭിച്ച മറുപടികളുടെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ഖണ്ഡികകൾ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

അദ്ധ്യായം I

സമിതിയുടെ ശിപാർശയും സർക്കാരിന്റെ മറുപടിയും സമിതി ആവശ്യപ്പെട്ട അധികവിവരവും അവയുടെ മറുപടിയും തുടർശിപാർശയും

ഖണ്ഡിക 18, 19, 20, 21, 22, 23

ഖണ്ഡിക നമ്പർ 18

ശിപാർശ

1.1.1 ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ വളരെ ദൂരെ താമസിക്കുന്നവരായതിനാൽ തന്നെ തികച്ചും പ്രായോഗികമല്ലാത്ത ഒരു പദ്ധതിയായിരുന്നു ഇതെന്ന് സമിതി വിലയിരുത്തുന്നു.

ഖണ്ഡിക നമ്പർ 19

ശിപാർശ

1.1.2 ഭാവിയിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ പ്രോജക്ടിന്റെ ആരംഭദിശയിൽ തന്നെ പ്രായോഗികത ഉറപ്പുവരുത്തണമെന്നും പദ്ധതികളുടെ സാദ്ധ്യതാ പഠനം നടത്തിയശേഷം പ്രായോഗികമായ പദ്ധതികൾ മാത്രം നടപ്പിലാക്കാൻ ശ്രദ്ധിക്കണമെന്നും ഗുണഭോക്താക്കളുടെ സഹകരണം ഉറപ്പുവരുത്തിയശേഷം അവരുടെ സമ്മതത്തോടുകൂടിയാണ് പദ്ധതികൾ നടപ്പിലാക്കേണ്ടിയിരുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

ഖണ്ഡിക നമ്പർ 20

ശിപാർശ

1.1.3 നിർദ്ദേശിക്കപ്പെട്ട എസ്റ്റിമേറ്റിന് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം നേടേണ്ടതുണ്ടെന്നും എസ്റ്റിമേറ്റ് നിർദ്ദേശിച്ച എ.ഇ.യും ചെക്ക് മെഷർ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്ത എ.എക്സ്.ഇ. ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടത്തിന് ഉത്തരവാദികളാണെന്നും സമിതി അഭിപ്രായപ്പെടുന്നു. പുതുക്കിയ എസ്റ്റിമേറ്റനുസരിച്ച് തയ്യാറാക്കിയ 2,12,000 രൂപയുള്ള ഫൈനൽ ബിൽ കൺവീനർക്ക് നൽകിയത് നടപടിക്രമങ്ങളുടെ വ്യക്തമായ ലംഘനമാണെന്ന് സമിതി കരുതുന്നു.

ഖണ്ഡിക നമ്പർ 21

ശിപാർശ

1.1.4 നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ പദ്ധതി നടത്തിപ്പിന്റെ നിയമസാധുത (പ്ലാനിംഗ് പ്രോസസിന്റെ ലീഗാലിറ്റി) നിരീക്ഷിച്ചുകൊണ്ട് അപ്രകാരം ചെയ്യേണ്ടതുണ്ട്. അതിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥനാണ് അതിന്റെ ഉത്തരവാദിത്വം. നിയമപ്രകാരമുള്ള അനുമതികളെല്ലാം ലഭിച്ചതിനുശേഷമാണ് ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നതെങ്കിലും നടത്തിപ്പിലെ പാകപ്പിഴകൾ കാരണം നഷ്ടത്തിൽ കലാശിക്കുകയാണ് ഉണ്ടായതെന്നും സമിതി വിലയിരുത്തുന്നു.

ഖണ്ഡിക നമ്പർ 22

ശിപാർശ

1.1.5 ഒരു പ്രോജക്ട് തയ്യാറാക്കുമ്പോൾതന്നെ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ അതിന്റെ പ്രായോഗികതയും പ്രയോജനക്ഷമതയും ഉറപ്പുവരുത്തേണ്ടതാണ്. ജനോപകാരപ്രദമായ പദ്ധതികൾ മാത്രം ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതും ഓരോ പ്രദേശത്തെയും വിഭവസാധ്യത, പ്രാദേശിക ആവശ്യങ്ങൾ എന്നിവ വസ്തുനിഷ്ഠമായി വിലയിരുത്തേണ്ടതുമാണ്. വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ട പദ്ധതി വിഹിതം ഇപ്രകാരം നിഷ്കർഷിക്കുന്നതുമൂലം യഥാർത്ഥ ആവശ്യങ്ങൾ നിറവേറ്റാനാകാതെ വരുന്നു.

ഖണ്ഡിക നമ്പർ 23

ശിപാർശ

1.1.6 പ്രോജക്ടുകൾ നടപ്പിലാക്കാൻ മുതലപ്പെടുത്തുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ നേതൃത്വപാടവത്തിന്റേയും കർമ്മശേഷിയുടേയും പര്യായമാകണമെന്നും പ്രോജക്ട് നടപ്പിൽ വരുത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥന്മാരുമായി ആശയവിനിമയത്തിൽ

ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാതെ ശ്രദ്ധിക്കണമെന്നും ആസൂത്രണത്തിലെ വൈകല്യം നിർവ്വഹണത്തിലെ പാളിച്ച എന്നിവമൂലം പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ കൈവരിക്കാതെ ഗണ്യമായ തുകയുടെ പാഴ്ചെലവ് ഉണ്ടാകാവുണ്ടെന്നും ഇത് ഒഴിവാക്കുന്നതിനും പ്രോജക്ടുകൾ പൂർണ്ണവിജയത്തിലെത്തിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പരിശീലനവും മാർഗ്ഗനിർദ്ദേശവും നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. കാലിത്തൊഴുത്ത് നിർമ്മാണത്തിൽ കൺവീനർക്ക് നൽകിയ അധിക തുകയായ 4,744 രൂപ ഇതിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.1.7 ഗുണഭോക്താക്കളുടെ ഗ്രൂപ്പ് മുഖേന പദ്ധതി നടപ്പിലാക്കുവാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. ജനകീയാസൂത്രണ പദ്ധതികൾക്ക് രൂപം നൽകുന്നതിനായി രൂപീകരിച്ച കർമ്മ സമിതികളിൽനിന്നും ഉണ്ടായ ഒരു നിർദ്ദേശം എന്ന നിലയിലാണ് പ്രസ്തുത പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് പരിഗണിച്ചത്. വികേന്ദ്രീയാസൂത്രണത്തിന്റെ ആരംഭദിശയിൽ രൂപം കൊടുത്ത പദ്ധതിയാണിത്. ആസൂത്രണത്തിലും നിർവ്വഹണത്തിലും ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിക്ക് പരിജ്ഞാനക്കുറവ് ഉണ്ടായിരുന്നതിനാലാണ് പ്രായോഗികത വിലയിരുത്താതെ ഇത്തരമൊരു പദ്ധതി ഏറ്റെടുക്കേണ്ട സാഹചര്യമുണ്ടായത്.

1.1.8 ബഹുമാനപ്പെട്ട നിയമസഭാ സമിതിയുടെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് ഇപ്പോൾ പദ്ധതികൾ ഏറ്റെടുക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും ഉയർന്ന വരുന്ന വികസന നിർദ്ദേശങ്ങളുടെ സാധ്യത പഠിച്ചശേഷവും സാങ്കേതികവിദഗ്ദ്ധരുടെ സഹായത്തോടെ പ്രായോഗിക പഠനം നടത്തിയതിനുശേഷവും മാത്രമേ ഇപ്പോൾ പദ്ധതികൾ ഏറ്റെടുക്കുന്നുള്ളൂ.

1.1.9 ഈ പ്രോജക്ട് നടപ്പാക്കുന്നതിനായി രൂപം നൽകിയ ഗുണഭോക്താക്കളുടെ സമിതിയാണ് തൊഴുത്ത് നിർമ്മാണം നടപ്പിലാക്കിയത്. തൊഴുത്ത് നിർമ്മാണം ആരംഭിച്ച ഉടൻ 23-7-1999-ൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്ന കമ്മിറ്റിയുടെ കൺവീനർ എസ്റ്റിമേറ്റ് പ്രകാരം പണികൾ നടത്തുവാൻ കഴിയില്ലെന്നും പണി സമയത്തെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് എസ്റ്റിമേറ്റ് പരിഷ്കരിച്ച് നൽകണമെന്നും അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റ് പരിഷ്കരിച്ചത്. തികച്ചും ദരിദ്രരായ പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കൾ നിർവ്വഹണം നടത്തിയ ഈ നിർമ്മാണത്തിന് പണം നൽകാതിരിക്കുന്നത് ഈ കുടുംബങ്ങളെ സാമ്പത്തിക പ്രതിസന്ധിയിലാക്കുമായിരുന്നു. കർമ്മ സമിതി അംഗങ്ങൾക്ക് പദ്ധതികൾ ഏറ്റെടുക്കുകയോ നടപ്പിലാക്കുകയോ ചെയ്യുന്നതിൽ മുൻപരിചയമില്ലാത്തതുമൂലം വന്നുപോയ ഈ വീഴ്ച മാപ്പാക്കണമെന്ന് അപേക്ഷിക്കുന്നു.

1.1.10 ജനകീയാസൂത്രണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതു സംബന്ധിച്ച് ആദ്യഘട്ടങ്ങളിൽ ലഭിച്ച പരിശീലനങ്ങളുടെ അടിസ്ഥാനത്തിലും അന്ന് നിലവിലുണ്ടായിരുന്ന ഉത്തരവുകൾ പാലിച്ചുകൊണ്ടുമാണ് പദ്ധതി നടപ്പാക്കിയത്. എന്നാൽ സാധ്യതാപഠനം നടത്താത്തതുമൂലവും മുന്നനുഭവങ്ങളുടെ അഭാവംമൂലവും പദ്ധതി പരാജയപ്പെട്ടു. ഭാവിയിൽ ഇത്തരത്തിലുള്ള പാകപ്പിഴകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണ്.

1.1.11 കർമ്മ സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമസഭയിൽ അവതരിപ്പിച്ച് വിശദാംശങ്ങൾ വികസന സെമിനാറിൽ ചർച്ച ചെയ്ത് തദ്ദേശസ്വയംഭരണ സമിതി അംഗീകരിച്ച പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നത്. അതുകൊണ്ടുതന്നെ ഇത്തരത്തിലൊരു പദ്ധതി പരാജയപ്പെട്ടതെന്ന ചിന്ത ഉണ്ടായതുമില്ല. പദ്ധതിയുടെ സാധ്യതയും സാങ്കേതികത്വവും പരിശോധിച്ച് ശിപാർശ ചെയ്യുന്നതിനായി രൂപം നൽകിയതും ഈ പദ്ധതിയുടെ പരിശോധന നടത്തിയതുമായ ബ്ലോക്കുതല വിദഗ്ധ സമിതിയും ഈ പദ്ധതി ശിപാർശ ചെയ്യുകയാണുണ്ടായത്. ജില്ലാ ആസൂത്രണ സമിതി പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തു. ബഹു. നിയമസഭാ സമിതിയുടെ നിർദ്ദേശങ്ങൾ ഇപ്പോൾ പാലിച്ചുവരുന്നു. വികേന്ദ്രീകൃതാസൂത്രണത്തിന്റെ രണ്ടാം വർഷത്തിലാണ് ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയത്. അതിനുശേഷം ബഹുമാനപ്പെട്ട നിയമസഭാ സമിതി അഭിപ്രായപ്പെട്ടതുപ്രകാരമുള്ള പരിശീലനങ്ങൾ, സംസ്ഥാന ആസൂത്രണ ബോർഡ്, കില, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. മാത്രവുമല്ല ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കുന്നതിന് സഹായകമായ വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ ഉത്തരവുകളും ഉണ്ടായിട്ടുണ്ട്. ഓഡിറ്റ് ഖണ്ഡിക 23 പ്രകാരം സമിതി ശിപാർശ ചെയ്തിട്ടുള്ള 4,744 രൂപ ബന്ധപ്പെട്ടവരിൽ നിന്നും 5-2-2008-ലെ 190-ാം നമ്പർ രസീതുപ്രകാരം ഈടാക്കി 96-ാം നമ്പർ ചെല്ലാൻ പ്രകാരം ഉഴവൂർ സബ് ട്രഷറിയിൽ ഒടുക്കിയിട്ടുണ്ടെന്ന വിവരം കൂടി അറിയിച്ചുകൊള്ളുന്നു. ഈ വസ്തുതകൾ പരിഗണിച്ച് സമിതിയുടെ പരാമർശങ്ങളിന്മേൽ തുടർനടപടികൾ ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

1.1.12 പരാമർശിത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 24-ൽ കാലിത്തൊഴുത്ത് നിർമ്മാണത്തിന് കൺവീനർക്ക് നൽകിയ അധിക തുക 4,744 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കണമെന്നും ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ആരംഭദിശയിൽത്തന്നെ സാധ്യതാപഠനം നടത്തി പ്രായോഗികമായ പദ്ധതികൾ മാത്രം നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും ബഹു. നിയമസഭാ ഉപസമിതി ശിപാർശ ചെയ്തിട്ടുണ്ട്. ടി തുക 4,744 രൂപ 5-2-2008-ലെ 190-ാം നമ്പർ രസീതുപ്രകാരം ഈടാക്കി, 96-ാം നമ്പർ ചെലാൻ പ്രകാരം ഉഴവൂർ സബ് ട്രഷറിയിൽ ഒടുക്കിയിട്ടുണ്ടെന്നുള്ള രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

1.1.13 പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കുന്നതിന് ഒട്ടുംതന്നെ അനുയോജ്യമായ സ്ഥലമല്ല തെരഞ്ഞെടുത്തതെന്ന് പദ്ധതിപ്രദേശം സന്ദർശിച്ച് ബോധ്യപ്പെട്ടു. ടി പ്രദേശത്ത് പട്ടികജാതി കുടുംബങ്ങൾ വിരളമാണ്. പട്ടികജാതി വിഭാഗങ്ങൾക്കായി നടപ്പാക്കിയ പദ്ധതിയായിരുന്നുവെങ്കിലും ഫീസിബിലിറ്റി പരിശോധിച്ചിരുന്നില്ലെന്നത് വ്യക്തമാണ്. പദ്ധതിപ്രകാരം നിർമ്മിച്ച തൊഴുത്ത് ഉപയോഗശൂന്യമായി തുടരുന്നു. കെട്ടിടത്തിന്റെ പലഭാഗങ്ങളും നാശോന്മുഖമായ അവസ്ഥയിലാണ്.

ഓഫീസ് എന്ന നിലയിൽ ഉപയോഗിക്കുന്നതിന് ഉദ്ദേശിച്ച് പണിത 3 മുറികളുള്ള അനുബന്ധ കെട്ടിടവും ഉപയോഗിക്കുന്നില്ല. തികച്ചും പ്രായോഗികമല്ലാത്ത പദ്ധതിയായിരുന്നു എന്ന സമിതിയുടെ വിലയിരുത്തൽ ശരിയാണെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു.

1.1.14 ബഹു. നിയമസഭാ ഉപസമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച ഇക പദ്ധതിച്ചെലവാകാതെ തൊഴുത്തും അനുബന്ധ കെട്ടിടവും ഭാവിയിൽ പട്ടികജാതി വിഭാഗങ്ങൾക്കുള്ള പദ്ധതികളുമായി സമന്വയിപ്പിച്ച് പ്രയോജനപ്രദമായ രീതിയിൽ ഉപയോഗിക്കേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിച്ചിട്ടുണ്ട്. ബഹു. നിയമസഭാ ഉപസമിതിയുടെ ശിപാർശ പ്രകാരമുള്ള ഇക ഈടാക്കിയിട്ടുള്ളതിനാലും പദ്ധതിയുമായി ബന്ധപ്പെട്ട് സംഭരിച്ച വീഴ്ചകൾ അപരിഹാര്യമായതിനാലും മേൽ സൂചിപ്പിച്ചവിധം നിർദ്ദേശം നൽകി തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നുള്ള അഭിപ്രായം ബഹു. നിയമസഭാ സമിതിയെ അറിയിക്കുന്നു.

സമിതി ആരാഞ്ഞ അധികവിവരം

1.1.15 പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി രൂപീകരിച്ച ഡെയറി ഫാമിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും, പട്ടികജാതി ഗുണഭോക്താക്കൾക്കായി നിർമ്മിച്ച പ്രസ്തുത കെട്ടിടം അവർക്ക് അനുവദിച്ചിട്ടുള്ള മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഉപയോഗപ്പെടുത്താൻ കഴിയുമോയെന്നും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി ആരാഞ്ഞ അധികവിവരത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി

1.1.16 ഉഴവൂർ ഗ്രാമപഞ്ചായത്തിലെ ഡോ. അംബേദ്കർ കോളനിയിൽ നിന്നും ഉദ്ദേശം 500 മീറ്റർ മാറി കണ്ണോത്തുകളം എന്ന സ്ഥലത്തിനടുത്താണ് ബ്ലോക്ക് പഞ്ചായത്തിന്റെ എസ്.സി. ഫണ്ടുപയോഗിച്ച് ഈ കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. രണ്ട് വശങ്ങളിലായി ഉദ്ദേശം 10 പശുക്കളെയെങ്കിലും കെട്ടാവുന്നതരത്തിൽ പ്ലാസ്റ്റർ ചെയ്ത അരഭിത്തിയോടുകൂടി ടെസ്റ്റ് വർക്ക് ഉള്ള മേൽക്കൂരയിൽ ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ് നല്ല രീതിയിൽ പണിഞ്ഞ തൊഴുത്താണ് നിർമ്മിച്ചിട്ടുള്ളത്. കെട്ടിടത്തിന് കാര്യമായ കേടുപാടുകൾ ഒന്നും തന്നെ ഇല്ല. തൊഴുത്തിനു സമീപം ആൾ താമസം കുറവാണ് പട്ടികജാതി കുടുംബങ്ങൾ തൊഴുത്ത് നിർമ്മിച്ചിരിക്കുന്ന സ്ഥലത്ത് നിന്നും ദൂരെ മാറിയാണ് താമസിക്കുന്നത്. തൊഴുത്ത് ഇപ്പോൾ പശുക്കളെ സംരക്ഷിക്കുന്നതിനോ മറ്റേതെങ്കിലും കാര്യത്തിനോ ഉപയോഗിക്കുന്നില്ല.

1.1.17 തൊഴുത്തിന്റെ മധ്യഭാഗത്ത് ചാണകം ശേഖരിക്കുന്നതിനുള്ള ഒരു കുഴി നിർമ്മിച്ചിട്ടുണ്ട്. ഇടാതെ പശുക്കളെ സംരക്ഷിക്കുന്ന തരത്തിലുള്ള റെയിലുകളും പണിതിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പാതി ഭാഗത്തിന് മാത്രമെ ഭിത്തി നിർമ്മിച്ചിട്ടുള്ള തൂണുകളിലാണ് മേൽക്കൂര ഉറപ്പിച്ചിട്ടുള്ളത്. തൊഴുത്ത് എന്ന നിലയിൽ നിർമ്മിച്ചിട്ടുള്ളതിനാൽ മറ്റാവശ്യങ്ങൾക്ക് രൂപഭേദം വരുത്താതെ ഉപയോഗയോഗ്യമാക്കാൻ അനുയോജ്യമല്ല.

ഇതര് ആശ്രിതാശ്രയം കുറഞ്ഞ പ്രദേശത്ത് നിർമ്മിച്ചിരിക്കുന്നതിനാൽ മറ്റാവശ്യങ്ങൾക്ക് ഗുണപ്രദമായ രീതിയിൽ ഉപയോഗിക്കാൻ സാധ്യത കാണുന്നില്ല.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് വഴുമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

1.1.18 1999-ൽ നിർമ്മിച്ച അതേ സമിതിയിൽ തന്നെ പ്രസ്തുത കെട്ടിടം നിലനിൽക്കുന്നു. കാലപ്പഴക്കത്തിൽ ടൈസ്സ് വർക്ക് ദ്രവിക്കുകയും ഭിത്തികളിൽ വിള്ളലുകൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ മെയിന്റനൻസിനായി പ്രോജക്ട് ഒന്നും പദ്ധതിയിൽ നടപ്പാക്കിയിട്ടില്ല. ഡെയറി ഫാമിന്റെ അനുബന്ധമായി പണി കഴിപ്പിച്ചിട്ടുള്ള ഓഫീസ് കെട്ടിടത്തിൽ യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.

പശു വളർത്തലിന് മാത്രമായി നിർമ്മിച്ചിട്ടുള്ളതിനാൽ മറ്റ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്നതല്ല. തൊഴുത്തിന്റെ മധ്യഭാഗത്ത് പാണകം ശേഖരിക്കുന്നതിനുള്ള വലിയകുഴി കരിങ്കല്ല് കെട്ടി നിർമ്മിച്ചിട്ടുണ്ട്. പാതി ഭാഗത്തിന് മാത്രമേ തിരുത്തി നിർമ്മിച്ചിട്ടുള്ളൂ. പട്ടികജാതിയിൽപ്പെട്ടവരെ ഉൾപ്പെടുത്തി പശു വളർത്തൽ പദ്ധതി നടത്തുന്നതിന് പരിശോധിച്ചുവെങ്കിലും ആയതിന് കഴിഞ്ഞിട്ടില്ല. ടി കെട്ടിടം വാടകയ്ക്ക് നൽകണമെന്ന് സമീപപ്രദേശത്തുള്ള കുടുംബശ്രീകളും മിൽക്ക് സൊസൈറ്റി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയോട് അഭ്യർത്ഥിച്ചിട്ടുള്ളതിനാൽ സൊസൈറ്റിക്ക് വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നതായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

തുടർശിപാർശ

1.1.19 **ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിൽ പട്ടികജാതിക്കാർക്കുവേണ്ടി നിർമ്മിച്ച ഡെയറി ഫാമിന്റെ കെട്ടിടം പ്രസ്തുത വിഭാഗത്തിന്റെ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗയോഗ്യമാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 30

ശിപാർശ

1.2.1 ഇത്തരത്തിലുള്ള ഒഴുക്കൻ മറുപടികൾ തന്ന് രക്ഷപ്പെടുന്ന പ്രവണത പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പിൻതുടരുന്നുണ്ടെന്നും സർചാർജ് ഈടാക്കുന്നത് എല്ലാവർക്കും രക്ഷപ്പെടാനുള്ള ഒരു മാർഗ്ഗമായിട്ടാണ് കാണുന്നതെന്നും സമിതി വിലയിരുത്തുന്നു. അകാരണമായി സർചാർജ് നടപടികൾ അവസാനിപ്പിച്ച ഓഫീസർമാർ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിയെ സംബന്ധിച്ച് വകുപ്പുതല അന്വേഷണം ആവശ്യമാണ്. ധനകാര്യ വകുപ്പ് സെക്രട്ടറി ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.2.2 ദേവികുളം ബ്ലോക്ക് പഞ്ചായത്തിൽ 1997-98 സാമ്പത്തിക വർഷം ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങിയതിൽ തെറ്റായ നടപടിക്രമങ്ങൾ സ്വീകരിച്ചതുവഴി പഞ്ചായത്തിനുണ്ടായ 28,400 രൂപയുടെ സാമ്പത്തിക നഷ്ടം അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കണമെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നിട്ടും, സർച്ചാർജ് നടപടികളിൽ നിന്ന് പഞ്ചായത്ത് സെക്രട്ടറിയെ ഒഴിവാക്കിയ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിയെക്കുറിച്ച് വകുപ്പുതല അന്വേഷണം നടത്തണമെന്നാണ് സമിതി ശിപാർശ ചെയ്തിരിക്കുന്നത്.

1.2.3 ഈ കാലയളവിൽ ദേവികുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. ഇളംസീധരനെ സർച്ചാർജ് നടപടികളിൽ നിന്ന് ഒഴിവാക്കാൻ ശിപാർശ ചെയ്തത് റിട്ട. ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. കെ. ജെ. അഗസ്റ്റിനാണ്. ശ്രീ. കെ. ജെ. അഗസ്റ്റിൻ സർവ്വീസിൽ നിന്ന് വിരമിച്ച് 3 വർഷം കഴിഞ്ഞതിനാൽ നിയമപരമായി അദ്ദേഹത്തിനെതിരായി വകുപ്പുതല നടപടികൾ സ്വീകരിക്കാനാവില്ല.

1.2.4 സർച്ചാർജ് നടപടികൾ ഒഴിവാക്കിയെങ്കിലും ഇതു സംബന്ധിച്ച് ഓഡിറ്റ് തടസ്സം നീക്കപ്പെട്ടിട്ടില്ല. പ്രസ്തുത വിഷയത്തിൽ തീരുമാനം കൈകൊള്ളുവാൻ ഗ്രാമവികസന കമ്മീഷണറോട് ആവശ്യപ്പെട്ടിരുന്നെങ്കിലും നടപടികളൊന്നും കൈക്കൊണ്ടതായി അറിയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ എത്രയുംവേഗം തീരുമാനം കൈക്കൊള്ളാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

1.2.5 ഏതെങ്കിലും കാരണവശാൽ പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടം അതിനുത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാനാകാതെ വരികയാണെങ്കിൽ, സിവിൽ സ്യൂട്ട് ഫയൽ ചെയ്ത് പഞ്ചായത്ത് സെക്രട്ടറിയെ സർച്ചാർജ് നടപടികളിൽ നിന്ന് ഒഴിവാക്കാൻ ശിപാർശ ചെയ്ത ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിട്ട. ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കെ. ജെ. അഗസ്റ്റിനിൽ നിന്നും ഈടാക്കാൻ ലോക്കൽ ഫണ്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

1.2.6 പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടമീടാക്കുന്നതിന് സ്വീകരിച്ച നടപടികളറിയുന്നതിനുവേണ്ടി ഈ ഓഫീസിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് 12-9-2007-ന് കത്തയയ്ക്കുകയും 26-9-2007-ഉം 10-10-2007-ഉം ഓർമ്മക്കുറിപ്പുകളയയ്ക്കുകയും ചെയ്തിട്ടുണ്ട്. വിവരം ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 25-7-2009-ൽ ലഭ്യമാക്കിയ മറുപടി

1.2.7 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)യുടെ 12-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 30 [സമാഹൃത റിപ്പോർട്ട് 1999 ഖണ്ഡിക III 15(a)]-യിൽ ഉൾപ്പെട്ട ദേവികുളം ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം അതിനുത്തരവാദിയായവരിൽ നിന്ന്

ഈടാക്കുവാനും അതിന് കഴിയാത്ത സാഹചര്യമുണ്ടായാൽ സെക്രട്ടറിയെ സർച്ചാർജ് നടപടികളിൽ നിന്ന് ഒഴിവാക്കിയ റിട്ട. വോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കെ. ജെ. അഗസ്റ്റിനിൽ നിന്നും സിവിൽ സ്യൂട്ട് മുഖേന ഈടാക്കുന്നതിനും സൂചന (1) മുഖേന നിർദ്ദേശിച്ചിരുന്നു. ആയതിൻപ്രകാരം പ്രസ്തുത നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത നഷ്ടം സംബന്ധിച്ച് അടിയന്തരനടപടികൾ കൈക്കൊള്ളുവാൻ സൂചന (2) മുഖേന ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരിക്കുകയാണ്.

1.2.8 റിട്ട. വോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കെ. ജെ. അഗസ്റ്റിൻ ടി സെക്രട്ടറിയെ സർച്ചാർജ് നടപടികളിൽ നിന്നും ഒഴിവാക്കുവാനും ഭരണ വകുപ്പിന്റെ നടപടികൾക്ക് തീർപ്പുവാനും ശിപാർശ ചെയ്തിട്ടുള്ളത്. എന്നാൽ ഓഡിറ്റ് പരാമർശത്തിൽ നിന്നും ഒഴിവാക്കിയിട്ടില്ല. സർച്ചാർജ് നടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കിയ ശേഷം വകുപ്പുതല നടപടികളെടുക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനാവശ്യപ്പെട്ടതിൽ ഡെപ്യൂട്ടി കമ്മീഷണർക്കും കത്ത് നൽകിയിരുന്നതായാണ്. ഇതു സംബന്ധിച്ച് ആവർത്തിച്ചുള്ള ഓർമ്മക്കുറിപ്പുകൾക്ക് തദ്ദേശ വകുപ്പുകൾ നാളിതുവരെ മറുപടി നൽകിയിട്ടില്ല. ഇക്കാര്യങ്ങൾകൂടി പരിഗണിച്ച് ബഹു. വോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ടി ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ സിവിൽ സ്യൂട്ട് മുഖേന നഷ്ടം ഈടാക്കുവാനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

1.2.9 ദേവികുളം ബ്ലോക്ക് പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടം സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമവികസന കമ്മീഷണർ സ്വീകരിച്ച നടപടി എന്താണെന്ന് അറിയിക്കണമെന്നും നഷ്ടം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

1.2.10 ഗ്രാമവികസന കമ്മീഷണർ 31-8-2009, 16-10-2009 എന്നീ തീയതികളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കയച്ച 5632/കെ&ഡി4/06/സി.ആർ.ഡി. നമ്പർ കത്ത് പ്രകാരം നഷ്ടം ഈടാക്കുന്നതിന് സെക്രട്ടറി സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

1.2.11 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 32 പ്രകാരം നഷ്ടമായി നിശ്ചയിച്ചുത്തിയ 28,400 രൂപ തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ട് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. കെ. ഇളസീധരന് 19-12-2009-ൽ ഡി382/01-ാം നമ്പർ കത്ത് മുഖേന സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കത്ത് ശ്രീ. കെ. ഇളസീധരൻ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

1.2.12 ശ്രീ. കെ. തുളസീധരൻ നാളിതുവരെ തുകയൊന്നും പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. തുക ഈടാക്കുവാൻ പിന്നീട് യാതൊരു നടപടികളും സെക്രട്ടറി സ്വീകരിച്ചതായും കാണുന്നില്ല.

സമിതി ആരാഞ്ഞ അധികവിവരത്തിന് സർക്കാർ 7-10-2011 തീയതിയിൽ നല്കിയ മറുപടി

1.2.13 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 12-മത് റിപ്പോർട്ടിലെ 30-ാം ഖണ്ഡികയുടെ തുടർച്ചയായി മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. തുളസീധരനോട് 28,400 രൂപ തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും നാളിതുവരെ ടിയാൻ തുക അടയ്ക്കാത്തതിനാൽ റവന്യൂ റിക്കവറി മുഖേന തുക ഈടാക്കാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതാണെന്ന് ദേവികുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട് എന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചിരിക്കുന്നു. കൂടാതെ തുക്കാര്യത്തിൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചിരിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

1.2.14 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2004-2006) 12-ാമത് റിപ്പോർട്ടിലെ (ഖണ്ഡിക 30) "ജനകീയാസൂത്രണം-ടി.വി., റി.സി.ആർ. എന്നിവ വാങ്ങിയതിൽ ക്രമക്കേട്" എന്ന ഖണ്ഡികയിലെ നഷ്ടം ₹ 28,400 ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. കെ. തുളസീധരനിൽ നിന്നും റവന്യൂ റിക്കവറി വഴി പലിശ സഹിതം ഈടാക്കുന്നതിലേക്കായി ഫാറം നമ്പർ 24 തിരുവനന്തപുരം ജില്ലാ കളക്ടർക്ക് മേൽ നടപടികൾക്കായി സമർപ്പിച്ചു എന്ന വിവരം ദേവികുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

സമിതി ആരാഞ്ഞ അധികവിവരം

1.2.15 ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ ഇൻഫർമേഷൻ സെന്ററിലേക്ക് ഇലക്ട്രോണിക് സാധനങ്ങൾ വാങ്ങിയതിൽ പഞ്ചായത്തിന് നഷ്ടംവരുത്തിയതിന് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് അസാധാരണമായ കാലവിളംബമുണ്ടാകുന്നതായി സമിതി അഭിപ്രായപ്പെട്ടു. പഞ്ചായത്തിന് നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും റവന്യൂ റിക്കവറി വഴി ഈടാക്കി റിപ്പോർട്ട് നല്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി ആരാഞ്ഞ അധികവിവരത്തിന് സർക്കാർ
വഴ്യമാക്കിയ മറുപടി

1.2.16 ശ്രീ. കെ. ഇളസീധരന്റെ പക്കൽനിന്നും റവന്യൂ തിക്കവറി നടപടിക്രമപ്രകാരം ഇക ഈടാക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിലെ റവന്യൂ തിക്കവറി വിഭാഗം ഡെപ്യൂട്ടി കളക്ടർക്ക് 1-9-2011-ൽ ആദ്യ തിക്വസിഷൻ (മെമോ 24-ൽ) നൽകിയിരുന്നു. എന്നാൽ റവന്യൂ തിക്കവറി നടപടികൾ ഓൺലൈൻ ആയി നടത്താനാകുന്നതിനാൽ ടി ആവശ്യത്തിലേക്ക് User ID അനുവദിച്ചുനൽകുകയും ചെയ്തിരുന്നു. എന്നാൽ ടി User ID മുഖേന സർക്കാരിന് നഷ്ടം വരുത്തിയ ഇക ഈടാക്കുന്നതിനുള്ള വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള ഓപ്ഷൻ നൽകിയിരുന്നില്ല. തുടർന്ന് ടി ഓപ്ഷൻ 4-2-2014-ൽ ഓൺലൈനായി ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ട്. ടി തിക്വസിഷൻപ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിലെ റവന്യൂ തിക്കവറി വിഭാഗം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർശിപാർശ

1.2.17 **ശ്രീ. കെ. ഇളസീധരന്റെ പക്കൽനിന്നും നഷ്ടം ഈടാക്കുന്നതിനുള്ള ഓൺലൈൻ ഡേറ്റാ എൻട്രി നടത്തുന്നതിനുള്ള ഓപ്ഷൻ (ഓഡിറ്റ് തിക്കവറി) അനുവദിച്ച് നൽകുന്നമുറയ്ക്ക് അടിയന്തരമായി തിക്കവറി നടപടികൾ സ്വീകരിച്ച് വിവരം തിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 36

ശിപാർശ

1.3.1 സാംസ്കാരിക നിലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി പ്രസ്തുത കെട്ടിടം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള അടിയന്തര നടപടി കൈക്കൊള്ളണമെന്നും ഇക്കാര്യങ്ങൾ ബന്ധപ്പെട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പുദ്യോഗസ്ഥരെ അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കി ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.3.2 ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ പ്രോജക്ട് പ്രകാരം മുന്നാറിൽ ശ്രീ. ഷംസുദ്ദീൻ മരയ്ക്കാർ സറണ്ടർ ചെയ്ത നല്കിയ സ്ഥലത്തുതന്നെ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത വിവരം ലോക്കൽ ഫണ്ട് ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട്.

1.3.3 ദേവികുളം ബ്ലോക്ക് പഞ്ചായത്തിന് ശ്രീ. ഷംസുദ്ദീൻ മരയ്ക്കാർ വസ്തു സറണ്ടർ ചെയ്ത നൽകിയിട്ടുണ്ട്. ടി സ്ഥലത്ത് കെട്ടിടം പണിതപ്പോൾ ടാറ്റയുടെ ഭൂമിയിലേക്ക്

കയ്യേറ്റം നടന്നു എന്നു പേരിൽ ടാറ്റ ടീ കമ്പനി ഹ�ൈക്കോടതിയിൽ ഒറിജിനൽ പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. ബഹുമാനപ്പെട്ട ഓഫറുക്കോടതി നിർദ്ദേശപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിരുന്നു. ടാറ്റാ ടീ കമ്പനിയുമായി ചർച്ച നടത്തിയതിനെ തുടർന്ന് കമ്പനി പെറ്റീഷൻ ഹൈക്കോടതിയിൽനിന്ന് പിൻവലിച്ചിട്ടുണ്ട്. സ്റ്റേ ഓർഡർ നിലവിലുണ്ടായിരുന്നതിനാൽ ടി സ്ഥലത്ത് നിർമ്മാണപ്രവർത്തനം നടത്തി മൂന്നാർ സാംസ്കാരിക നിലയം എന്ന കെട്ടിടം 31-3-2007-ൽ പണി പൂർത്തീകരിച്ച് പ്രവർത്തനം സജ്ജമാക്കിയിട്ടുണ്ട്.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

1.3.4 ശ്രീ. ഷംസുദ്ദീൻ മരയ്ക്കാറിൽ നിന്നും സറണ്ടർ ചെയ്തുകിട്ടിയ സ്ഥലത്തു തന്നെയാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളതെ് എന്ന വിവരം പഞ്ചായത്ത് അധികൃതർ ഈ ഓഫീസിനെ ധരിപ്പിച്ചിട്ടില്ല.

1.3.5 2006-07 സാമ്പത്തിക വർഷം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1.85 ലക്ഷം രൂപ കൂടി ചെലവഴിച്ച് സാംസ്കാരിക നിലയം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. എന്നാൽ ഔദ്യോഗികമായ പൂർത്തീകരണ റിപ്പോർട്ടില്ല.

1.3.6 ഉടമയിൽ നിന്നും സാംസ്കാരിക നിലയം സ്ഥിതി ചെയ്യുന്ന സ്ഥലം നാളിതുവരെ സറണ്ടർ (എൽ.ആർ.) ചെയ്തു വാങ്ങിയിട്ടില്ല. കെ.ഡി.എച്ച്. വില്ലേജിലെ സർവ്വേ നമ്പർ 62/28 എ-യിലെ 1.04 സെന്റ് സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് സാംസ്കാരിക നിലയം പണിയുന്നതിലേക്കായി വിട്ടുനൽകുന്നതിന് സ്ഥലം ഉടമ ശ്രീ. ഷംസുദ്ദീൻ മരയ്ക്കാറുമായി 25-4-2009-ൽ 50 രൂപ മുദ്രപ്പത്രത്തിൽ ചമച്ച രജിസ്റ്റർ ചെയ്യാത്ത ഒരു എഗ്രിമെന്റ് മാത്രമാണ് ഉള്ളത്.

1.3.7 ടാറ്റ ടീയുമായി ടി കെട്ടിടം പണിയുന്ന വേളയിലുണ്ടായ കയ്യേറ്റത്തിനെ സംബന്ധിച്ച് ഹൈക്കോടതിയിൽ ഉണ്ടായിരുന്ന വ്യവഹാരം രാജിയായതായി ധാരണയുണ്ട് എന്നല്ലാതെ യാതൊരു ഔദ്യോഗിക രേഖകളും ഇല്ല.

1.3.8 നേരിട്ടുള്ള സൈറ്റ് പരിശോധനയിൽ ടി സാംസ്കാരിക നിലയത്തിന്റെ മുകളിലത്തെ നില 9/2010 മുതൽ മൂന്നാർ സർവ്വീസ് സഹകരണ ബാങ്കിനും താഴത്തെ നില 1/2010 മുതൽ ഹൈറേഞ്ച് എസ്.സി. സർവ്വീസ് സഹകരണ സൊസൈറ്റിക്കും വാടകയ്ക്ക് നൽകിയിരിക്കുന്നു.

1.3.9 മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 23-4-1998-ലെ 2/98-ാം നമ്പർ ഉത്തരവ് പ്രകാരം കെട്ടിടം നിർമ്മിക്കുവാനുള്ള അനുവാദം നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പൂർത്തീകരണ റിപ്പോർട്ട് നൽകി കെട്ടിടം/മുറികൾ നമ്പർ ചെയ്ത് വാങ്ങിയിട്ടില്ല. 8-2-2010-ൽ കട്ടപ്പന ടൗൺ ഹാളിൽ വച്ചുനടന്ന അദാലത്തിൽ ടി കെട്ടിടത്തിന് നമ്പർ നൽകുവാൻ എ.ഡി./6/339/11 പ്രകാരം തീരുമാനമായിട്ടുണ്ട് എന്ന് ബ്ലോക്ക് പഞ്ചായത്ത് അധികൃതർ അറിയിക്കുകയുണ്ടായി.

1.3.10 റീഡിംഗ് റൂമിനു വേണ്ടിയും ബ്ലോക്ക്/ജില്ലാതല സമ്മേളനങ്ങളും കലാപരിപാടികളും നടത്തുവാനുള്ള പൊതുആവശ്യങ്ങൾക്കുവേണ്ടിയും നിലവിലെ പഞ്ചായത്ത് കെട്ടിടത്തിന്റെ മുകൾനിലയിൽ മുറികളായി തിരിച്ച് വാണിജ്യാടിസ്ഥാനത്തിൽ വ്യാപാരം നടത്തുന്ന സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകിയിരിക്കുകയാണ്.

സമിതി ആരാഞ്ഞ അധികാരിവർഗ്ഗം

1.3.11 സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി ശ്രീ. ഫ്രാൻസിസിന്റെ സ്ഥലം ശ്രീ 'സഞ്ജീവ്' ചെയ്ത് വാങ്ങിയതിന്റെ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടോയെന്നും പൂർത്തിയാകാത്ത കെട്ടിടത്തിന് മെയിന്റനൻസ് ഗ്രാന്റ് നൽകിയിട്ടുള്ളത് ക്രമപ്രകാരമാണോയെന്നും സാംസ്കാരികാവശ്യത്തിനായി നിർമ്മിച്ച കെട്ടിടം വാണിജ്യാവശ്യത്തിന് വാടകയ്ക്ക് നൽകിയ നടപടി ശരിയാണോയെന്നും, ഷോപ്പിംഗ്കോംപ്ലക്സിൽ, അതിനടുത്തവരാദികളായവർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും പരിശോധിച്ച് രണ്ടുമാസത്തിനകം സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് രാജ്യാസ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

സമിതി ആരാഞ്ഞ അധികാരിവർഗ്ഗത്തിന് സർക്കാർ സമർപ്പിച്ച മറുപടി

1.3.12 ടി കാവയലറിൽ ഭരണസമിതിക്കുവേണ്ടി പ്രസിഡന്റ് ശ്രീ. പളനിവേൽ ആണ് ₹ 50 (അൻപത് രൂപ) മുദ്രപ്പത്രത്തിൽ സ്ഥലം സറണ്ടർ ചെയ്ത് വാങ്ങിയത്. മെയിന്റനൻസ് നടത്തിയ കാലയളവിൽ കെട്ടിടം പ്രവർത്തനസജ്ജമായിരുന്നു എന്നാണ് സെക്രട്ടറിയുടെ റിപ്പോർട്ട്. കെട്ടിടത്തിന്റെ തുടർന്നുള്ള പ്രവൃത്തികൾക്കാണ് മെയിന്റനൻസ് ഗ്രാന്റിലുൾപ്പെടുത്തി പ്രോജക്ട് വെച്ചത് എന്നും ആയതിന് സാങ്കേതികാനുമതി ലഭിച്ചിരുന്നു എന്നും സെക്രട്ടറി അറിയിച്ചിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 28-7-2005-ലെ VI-ാം നമ്പർ തീരുമാനപ്രകാരമാണ് ടി മന്ദിരം വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ തുടങ്ങിയത് എന്നും സെക്രട്ടറി അറിയിച്ചിരിക്കുന്നു. ആയതിനാൽ ബന്ധപ്പെട്ടവരുടെ പേരിൽ ഇതുവരെ യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ല എന്നും അറിയിച്ചിരിക്കുന്നു.

ഉദ്ദേശിപാർശ

1.3.13 **പഞ്ചായത്തിന് വിട്ടുകിട്ടാത്ത സ്ഥലത്ത് കെട്ടിടം നിർമ്മിച്ചത് ക്രമവിരുദ്ധവും സർക്കാർ ഫണ്ടിന്റെ ദുർവിനിയോഗവുമാണെന്ന് സമിതി വിലയിരുത്തുന്നു. സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ കൊണ്ടുവരുവാൻ വേണ്ട നടപടികൾ ബ്ലോക്ക് പഞ്ചായത്ത് അധികൃതർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 48, 49

ശിപാർശ

1.4.1 ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നുള്ള തെളിവെടുപ്പിൽ നിന്നും പദ്ധതികളെ സംബന്ധിച്ച പുനഃപരിശോധനാ റിപ്പോർട്ടിൽ നിന്നും മിക്കവാറും എല്ലാ പദ്ധതികളും നിലവിൽ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളാണ് ഗുണഭോക്താക്കൾ എന്നുള്ളതു കൊണ്ട് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടില്ലെന്നത് സമിതി വളരെ ഉത്കണ്ഠയോടെ കാണുന്നു. പ്രസ്തുത കുടിവെള്ള പദ്ധതികൾ ഗുണഭോക്താക്കൾക്ക് ഉപയോഗപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്താനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ

1.4.2 സർച്ചാർജ് നടപടികൾക്കെതിരെ വിശദമായ റിപ്പോർട്ട് നൽകാൻ 30 ദിവസത്തെ സമയം ആവശ്യപ്പെട്ടുകൊണ്ട് അന്നത്തെ സെക്രട്ടറി ശ്രീ. മോഹനൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടും തുടർനടപടി സ്വീകരിക്കാതെ കാലതാമസം വരുത്തിയതും സർച്ചാർജ് നടപടികളെ സംബന്ധിച്ച കത്തിന്റെ പകർപ്പ് ലഭിച്ച ഉടൻ റവന്യൂ റിക്കവറിക്കായി കളക്ടർക്ക് നൽകാതിരുന്നതും സെക്രട്ടറിയുടെ ഭാഗത്തുനിന്നും വന്ന ഗുരുതരമായ കൃത്യവിലോപമാണ്. ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് പ്രതിനിധിയും ഇക്കാര്യത്തിൽ യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ലെന്നത് സമിതി വളരെ ഗൗരവമായിത്തന്നെ കാണുന്നു. സർച്ചാർജ് നടപടികൾക്ക് വിധേയനായ അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. മോഹനനിൽ നിന്നും റവന്യൂ റിക്കവറിവഴി തുക ഈടാക്കി രണ്ടുമാസത്തിനകം സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.4.3 പരാമർശിക്കപ്പെട്ടിട്ടുള്ള 14 പദ്ധതികളെയും സംബന്ധിച്ച ബ്ലോക്ക് ഫയലുകൾ 25-9-2007-ൽ ഇടുക്കി ജില്ലാ വിജിലൻസ് ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ ഈ പദ്ധതികളെ സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. വിജിലൻസ് അന്വേഷണപുരോഗതി കാലാകാലങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിന്നും അന്വേഷിച്ചുവരുന്നു. അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് ആരാഞ്ഞുകൊണ്ട് 3-9-2010-ൽ നൽകിയ കത്തിന് വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടുള്ളതായും അന്വേഷണ റിപ്പോർട്ട് 16-11-2009-ൽ

സർക്കാരിന് സമർപ്പിച്ചിട്ടുള്ളതായും വിജിലൻസ് ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട്. വിജിലൻസിൽ നിന്നും ഫയലുകൾ തിരികെ ലഭിച്ചാലുടൻ പദ്ധതികളുടെ ന്യൂനതകൾ പരിഹരിച്ച് ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

1.4.4 റവന്യൂ തിക്കവിറി നടപടികൾക്കായി 5-6-2006-ൽ ഈ ഓഫീസിൽ നിന്നും കൊല്ലം ജില്ലാ കളക്ടറേറ്റിലേക്ക് രേഖകൾ സമർപ്പിച്ചിരുന്നു. തുക ഈടാക്കിയത്തു സംബന്ധിച്ച് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. തുടർന്നുടർന്ന് 1-12-2007, 4-2-2008, 20-10-2008, 16-9-2010 തീയതികളിൽ കൊല്ലം ജില്ലാ കളക്ടർക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഓർമ്മപ്പെടുത്തൽ നൽകിയിട്ടുണ്ട്.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

1.4.5 വിജിലൻസ് ഓഫീസിൽ നിന്നും ഫയൽ തിരികെ ലഭിച്ചതായോ റവന്യൂ തിക്കവറിയുടെ പുരോഗതി സംബന്ധിച്ചോ ഉള്ള വിശദവിവരം നാളിതുവരെ ഈ ഓഫീസിനെ അറിയിച്ചിട്ടില്ല. സമിതി നിർദ്ദേശിച്ചതനുസരിച്ച് റവന്യൂ തിക്കവറിയിലൂടെ തുക ഈടാക്കിയതായും ഈ ഓഫീസിനെ അറിയിച്ചിട്ടില്ല. ഈ ഓഫീസിൽ നിന്നും നടത്തിയ പ്രാദേശിക പരിശോധനയിൽ മറുപടിയിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ ശരിയാണ് എന്ന് ബോദ്ധ്യപ്പെട്ടു.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

1.4.6 കുട്ടപ്പന ബ്ലോക്ക് പഞ്ചായത്തിൻകീഴിൽ വിവിധ കുടിവെള്ള/ജലസേചന പദ്ധതി സംബന്ധിച്ച് വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ സമിതിക്ക് ലഭ്യമാക്കണമെന്നും, വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, പദ്ധതി നടത്തിപ്പിൽ സംഭവിച്ച ന്യൂനതകൾ എന്തൊക്കെയാണെന്നുമുള്ള വിവരം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി</u>

1.4.7 ടി വിഷയം സംബന്ധിച്ച് VE-13/07-IDK പ്രകാരമുള്ള വിജിലൻസ് അന്വേഷണ റിപ്പോർട്ടും ബന്ധപ്പെട്ട ഫയലുകളും രേഖകളും വിജിലൻസ് അഡീഷണൽ ചീഫ് സെക്രട്ടറി സമക്ഷം സമർപ്പിച്ചിട്ടുള്ളതാണെന്നും ടി കാര്യത്തിൽ നാളിതുവരെ തീരുമാനങ്ങളൊന്നും ഉണ്ടായിട്ടില്ലായെന്നുള്ള വിവരം ഇടുക്കി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് അറിയിച്ചിട്ടുള്ളതാണെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശുപാർശ

1.4.8 **വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

അദ്ധ്യായം II

സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും അവയ്ക്കുള്ള മറുപടികളും

ഖണ്ഡിക 6, 7, 8, 9

ഖണ്ഡിക നമ്പർ 6

ശിപാർശ

2.1.1 ഭൂരഹിത ഭവനനിർമ്മാണ പദ്ധതി പ്രകാരം സ്വന്തവും വീടും ലഭ്യമാക്കുന്നതിനായി ഗ്രാമസഭ തെരഞ്ഞെടുത്ത നാല് കുടുംബങ്ങൾക്കും ഗൃഹനവീകരണത്തിനായി രണ്ട് ഗഡുക്കളായി 4,500 രൂപ മാത്രം നൽകിയതായും, പൂർണ്ണമായി തകർന്ന നാല് കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിന് പദ്ധതികളുണ്ടായിട്ടും ഇപ്പോഴും അവർ അവിടെത്തന്നെയാണ് താമസിക്കുന്നതെന്നും പുനരധിവാസത്തിനുവേണ്ടിയുള്ള യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു.

ഖണ്ഡിക നമ്പർ 7

ശിപാർശ

2.1.2 ഭൂരഹിത ഭവനനിർമ്മാണ പദ്ധതി അനുസരിച്ച്, സ്വന്തമായി വീടില്ലാത്തവർക്ക് ഭൂമി വാങ്ങാനും അതിനകത്ത് വീട് പണിത് നൽകുന്നതിനും 35,000, 50,000, 75,000 രൂപ എന്നീ ക്രമത്തിൽ ധനസഹായം വ്യവസ്ഥചെയ്യുന്ന വിവിധ ഭവനനിർമ്മാണ പദ്ധതികൾ നിലവിലുണ്ടെങ്കിലും ഇത്തരത്തിൽ യാതൊരു ഭവനനിർമ്മാണ സഹായവും കൈപ്പറ്റിയിട്ടില്ലാത്ത ഇവർക്ക് കൂടുതൽ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്നും ഗൃഹനവീകരണത്തിനുവേണ്ടിയുള്ള ധനസഹായം സ്വീകരിച്ചതിനാലാണ് ഗ്രാമപഞ്ചായത്തിന്റെയോ മറ്റ് എഞ്ജൻസികളുടെയോ ഭവനനിർമ്മാണ സഹായം ലഭ്യമാകാതെ പോയതെന്നും സമിതി വിലയിരുത്തുന്നു.

ഖണ്ഡിക നമ്പർ 8

ശിപാർശ

2.1.3 പുറമ്പോക്കിൽ താമസിക്കുന്നവരെ ഒഴിപ്പിച്ച് അവർക്ക് ഭൂമി വാങ്ങിക്കൊടുത്ത് അതിനകത്തു വീട് പണിതു നൽകുന്ന പദ്ധതിയെയാണ് പുനരധിവാസ ഭവന നിർമ്മാണ പദ്ധതി എന്നതുകൊണ്ടുദ്ദേശിക്കുന്നതെന്നും വിലകുറച്ചു കിട്ടുന്ന പ്രദേശങ്ങൾ കണ്ടെത്തി അവിടെ വീട് പണിതു നൽകാൻ കഴിയുന്ന രീതിയിൽ

ഭവനനിർമ്മാണ സഹായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിവരുമ്പോൾ ഭവനനിർമ്മാണ പദ്ധതികൾ വിഭാവന ചെയ്യുമ്പോൾ തന്നെ പര്യാപ്തമായതും ലക ഗകയിരുത്തിയാൽ മാത്രമേ ലക്ഷ്യം കൈവരിക്കാനാവൂ എന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ദുർബ്ബല വിഭാഗങ്ങൾക്കായുള്ള ഇത്തരം പദ്ധതികൾ ഫലപ്രദമാക്കുന്നതിനായി ധനസഹായത്തിന്റെ തോത് വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 9

ശിപാർശ

2.1.4 ഗ്രാമസഭ തെരഞ്ഞെടുത്ത നാല് കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റേയോ മറ്റ് ഏജൻസികളുടെയോ ഭവനനിർമ്മാണ സഹായങ്ങൾ വ്യത്യാകാതെ പോയതെന്നും സമിതി കരുതുന്നു. ആയതിനാൽ ഭൂരഹിത ഭവനനിർമ്മാണ പദ്ധതി പ്രകാരം ഗ്രാമസഭ തെരഞ്ഞെടുത്ത നാല് കുടുംബങ്ങൾക്കും വീടും സ്ഥലവും വ്യത്യാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.1.5 ശ്രീ. രാജപ്പൻ, വട്ടകപ്പാറ, (2) ശ്രീമതി തങ്കമ്മ, പാറയ്ക്കൽ, (3) ശ്രീ. രാഘവൻ, ശ്രീനിത്തറ, (4) ശ്രീ. മാധവൻ, വട്ടകപ്പാറ എന്നീ നാലുപേർ കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ പട്ടിമറ്റം പ്രദേശത്ത് തേനമ്മാക്കൽ ജലാലുദ്ദീൻ, അബ്ദുൾ സലാം എന്നിവരുടെ ഉടമസ്ഥതയിൽ കിടക്കുന്നതും ക്രയവിക്രയം നിരോധിച്ചിട്ടുള്ളതുമായ സ്ഥലം വർഷങ്ങളായി കൈവശംവച്ച് സ്ഥിരമായി താമസിക്കുന്നതുമാണ്. മേപ്പടി ആൾക്കാർ താമസിക്കുന്ന വീടുകളോടുചേർന്ന് കടന്നുപോകുന്ന റോഡ് പിന്നീടുണ്ടായതാണ്. ടി ആൾക്കാർ സമീപപ്രദേശത്തുള്ള തോട്ടങ്ങളിൽ തൊഴിൽചെയ്തു ജീവിക്കുന്നവരാണ്. കാഞ്ഞിരപ്പള്ളി ടൗണിലേക്ക് പോകുവാൻ 3 കി.മീ. താഴെ മാത്രമേ ദൂരമുള്ളൂ. തൊഴിൽ സംബന്ധമായ കാരണങ്ങളാൽ ടി ആൾക്കാർ സ്ഥലംവിട്ടുപോകുവാൻ തയ്യാറല്ല. ഇക്കാരണങ്ങളാലാണ് ടി ആൾക്കാരുടെ അപേക്ഷയുടെയും കൈവശരേഖകളുടെയും അടിസ്ഥാനത്തിൽ 1997-98-ൽ ഗ്രാമസഭാ ശിപാർശ പ്രകാരം നിലവിലുള്ള വീട് വാസയോഗ്യമാക്കുന്നതിന് ₹ 4,500 രൂപ നൽകിയത്.

2.1.6 2006-07-ൽ ഐ.എ.വൈ. പദ്ധതിപ്രകാരം ശ്രീ. രാജപ്പൻ, വട്ടകപ്പാറ, ശ്രീ. രാഘവൻ, ശ്രീനിത്തറ, ശ്രീ. മാധവൻ, വട്ടകപ്പാറ എന്നീ മൂന്നുപേർക്ക് കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് മുഖേന ഭവനനിർമ്മാണത്തിന് സഹായം നൽകി.

2.1.7 ശ്രീമതി തങ്കമ്മ, പാറയ്ക്കൽ എന്നയാൾക്ക് കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും കേരള ഭവനിർമ്മാണ പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് 50,000 രൂപ അനുവദിച്ചുനൽകി.

(1) രാജപ്പൻ, വട്ടകപ്പാറ നാലുസെന്റ് കോളനിയിൽ താമസിക്കുന്നു. ഐ. എ. വൈ. പദ്ധതി പ്രകാരം നിർമ്മിച്ച വാസയോഗ്യമായ വീട്ടിൽ ഭിന്നശേഷിക്കാരിയായ മകന്റെ കുടുംബവും ഇപ്പോൾ താമസിച്ചുവരുന്നു.

(2) ശ്രീമതി തങ്കമ്മ, പാറയ്ക്കൽ എന്നയാൾക്ക് ശ്രീമലപ്പാറയിൽ നിന്നും കേരള വികസന പദ്ധതി പ്രകാരം നൽകിയ വാസയോഗ്യമായ വീട്ടിൽ ഇപ്പോൾ താമസിച്ചുവരുന്നു.

(3) രാഘവൻ, ശ്വാസ്ത്രിക്കാര മരണമടഞ്ഞതിനാൽ ഭിന്നശേഷിക്കാരിയായ മകളുടെ മാത്രം രക്ഷാകർത്തൃത്വത്തിൽ കഴിയുന്നു. ഐ. എ. വൈ. പദ്ധതി പ്രകാരം നിർമ്മിച്ച വാസയോഗ്യമായ വീട്ടിൽ ഇപ്പോൾ താമസിച്ചുവരുന്നു.

(4) ശ്രീ. മാധവൻ, വട്ടകപ്പാറയും കുടുംബവും ഐ. എ. വൈ. പദ്ധതി പ്രകാരം നിർമ്മിച്ച വാസയോഗ്യമായ വീട്ടിൽ ഇപ്പോൾ താമസിച്ചുവരുന്നു. ടിയാന്റെ കൈവശമുള്ള 3 സെന്റ് സ്ഥലത്തിൽ 1 ½ സെന്റിന് പട്ടയമുള്ളതാണ്.

2.1.8 ടി ആൾക്കാരുടെ വാസസ്ഥലത്ത് നേരിട്ടുപോയി തെളിവെടുപ്പ് നടത്തുകയുണ്ടായി. തൊഴിൽ സംബന്ധമായ കാരണങ്ങളാൽ ഇപ്പോൾ ഇവർ താമസിക്കുന്ന സ്ഥലത്തുനിന്നും മാറിത്താമസിക്കുവാൻ താല്പര്യമില്ലെന്നും അല്ലെങ്കിൽ മതിയായ കൃഷിഭൂമി നൽകണമെന്നും അറിയിക്കുകയുണ്ടായി. ആകയാൽ ഇവർക്ക് ഭൂരഹിത ഭവനനിർമ്മാണ പദ്ധതി പ്രകാരം വീടും സ്ഥലവും നൽകുവാൻ സാധിച്ചിട്ടില്ലെന്നും അറിയിച്ചുകൊള്ളുന്നു.

2.1.9 ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭവനരഹിതർക്കും വീട് നൽകുക, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭൂരഹിത-ഭവനരഹിതർക്കും സ്ഥലവും വീടും നൽകുക എന്നീ ലക്ഷ്യങ്ങളോടെ ഇ. എം. എസ്. സമ്പൂർണ്ണ ഭവന പദ്ധതി 2009-2011 കാലയളവിൽ നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ഇതനുസരിച്ച് ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരികയുമാണ്. ഭവനനിർമ്മാണത്തിനുള്ള ധനസഹായം കാലോചിതമായി പുതുക്കി നിശ്ചയിക്കുന്നുണ്ട്. ഇപ്പോൾ പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് 75,000 രൂപയും പട്ടികജാതിക്കാർക്ക് 1 ലക്ഷം രൂപയും പട്ടികവർഗ്ഗക്കാർക്ക് 1.25 ലക്ഷം രൂപയും സഹായധനമായി നൽകിവരുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

2.1.10 പരാമർശിത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 47-ൽ പ്രതിപാദിച്ചിട്ടുള്ള 4 ഗുണഭോക്താക്കളുടെ (ശ്രീ. രാജപ്പൻ, വട്ടകപ്പാറ, ശ്രീമതി തങ്കമ്മ, പാറയ്ക്കൽ, ശ്രീ. രാഘവൻ, ശ്രാമ്പിത്താറ, ശ്രീ. മാധവൻ, വട്ടകപ്പാറ) സമ്പൂർണ്ണ പുനരധിവാസം (സ്ഥലവും വീടും ലഭ്യമാക്കൽ) ഉറപ്പ് വരുത്തണമെന്നാണ് ബഹു. നിയമസഭാ ഉപസമിതി

ശിപാർശ ചെയ്തിരുന്നത്. പ്രസ്തുത ഗുണഭോക്താക്കൾ വർഷങ്ങളായി കുടികിടപ്പ് എന്ന നിലയിലുള്ള കൈവശാവകാശത്തോടുകൂടി കുവപ്പള്ളി വില്ലേജിലെ 99/04 സർവ്വേ നമ്പരിൽപ്പെട്ടതായ സ്ഥലത്ത് താമസിച്ചുവരുന്നതായ വിശദീകരണം ശരിയാണെന്ന് ബോദ്ധ്യമായിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളിൽ രാജപ്പൻ, വള്ളികപ്പുറം, രാഘവൻ, ശ്രീമതിയമ്മ എന്നിവർ മരണമടഞ്ഞെങ്കിലും അനന്തരാവകാശികൾ ഇതേ സ്ഥലത്ത് താമസിച്ചുവരുന്നു. കുഞ്ഞിരപ്പള്ളി ടൗണുമായുള്ള സാമീപ്യം കണക്കിലെടുത്തും തൊഴിൽ സംബന്ധമായ കാരണങ്ങളാലും നിലവിൽ താമസിക്കുന്ന സ്ഥലത്തുനിന്നും മാറിത്താമസിക്കാൻ ഗുണഭോക്താക്കൾ വിസമ്മതിച്ചു. ഈ സാഹചര്യത്തിൽ ഗുണഭോക്താക്കളുടെ താൽപ്പര്യം കണക്കിലെടുത്തും വില്ലേജ് അധികാരികളുടെ കൈവശാവകാശം സംബന്ധിച്ച സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും ഗുണഭോക്താക്കൾക്ക് വിവിധ സ്കീമുകൾ പ്രകാരം ഭവനനിർമ്മാണത്തിന് ധനസഹായം നൽകിയെന്നുള്ള വിശദീകരണം ശരിയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. (3 പേർക്ക് ഐ.എ.വൈ. സ്കീം പ്രകാരവും ഒരാൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള പദ്ധതി വിഹിതം വിനിയോഗിച്ചും വാസയോഗ്യമായ ഭവനം പൂർത്തിയാക്കുവാൻ സാധിച്ചു.) ഗുണഭോക്താക്കളുടെ താല്പര്യാർത്ഥം സ്വീകരിച്ച ടി നടപടികൾവഴി ബഹു. നിയമസഭാ ഉപസമിതിയുടെ ശിപാർശ നടപ്പിലാക്കിയിട്ടുണ്ട് എന്ന് കരുതാവുന്നതാണ്. ആയതിനാൽ ടി വിഷയത്തിൽ തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നുള്ള അഭിപ്രായം ബഹു. നിയമസഭാ സമിതിയെ അറിയിക്കുന്നു.

ഖണ്ഡിക നമ്പർ 53

ശിപാർശ

2.2.1 പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള ഇത്തരം ക്ഷേമ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് കൃത്യമായ മാനദണ്ഡങ്ങളുള്ളപ്പോൾ, ഗുണഭോക്തൃ ലിസ്റ്റിൽ പാകപ്പിഴകൾ സംഭവിക്കാനിടയായ കാര്യത്തിൽ സമിതി ആശങ്ക രേഖപ്പെടുത്തുന്നു. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തി ഏതു വിഭാഗത്തിൽപ്പെടുന്ന ആളാണെന്ന് പരിശോധിക്കാതെ, ആനുകൂല്യം നൽകിയതിലൂടെ പദ്ധതിയുടെ പ്രയോജനം ലഭിക്കേണ്ട യഥാർത്ഥ വ്യക്തിക്ക് അത് നഷ്ടപ്പെടുത്തുകയാണ് ഉണ്ടായിട്ടുള്ളത്. അനർഹർക്ക് ആനുകൂല്യം നൽകി അർഹരായവർക്ക് നിരാകരിക്കുകയാണുണ്ടായതെന്ന് സമിതി വിലയിരുത്തുന്നു. ടി.എസ്.പി. ഫണ്ട് ഇപ്രകാരം ദുർവിനിയോഗം ചെയ്ത നടപടിയെ സമിതി ശക്തമായ ഭാഷയിൽ അപലപിക്കുന്നു. പിഴവ് നികത്തുന്നതിനോ യഥാസമയം പരിഹാര നടപടികൾ സ്വീകരിക്കുന്നതിനോ പഞ്ചായത്തധികൃതർ നാളിതുവരെ ശ്രമിച്ചിട്ടില്ലെന്നുള്ളതിൽ നിന്നും ഉദാസീനമായും ലാഘവത്തോടെയുമാണ്

പദ്ധതിപ്പണം വിനിയോഗിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇങ്ങനെ നടപടികൾ അനുവർത്തിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും ഇതാവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. നാലായിരം രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കി ബാക്കിയുള്ളതുക രമ്യലക്ഷ്മിക്ക് ചെയ്യണമെന്നും പകരം അഭിലഷണീയമായി പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാൾക്ക് വീട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.2.2 2007-08 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിലെ പൊതുവിഭാഗം തുകയിൽ നിന്നും ഒരു എസ്.റ്റി. ഗുണഭോക്തൃവിന് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയും ടി ഗുണഭോക്തൃവ് ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊതുവിഭാഗം ഗുണഭോക്തൃവിന് പട്ടികവർഗ്ഗത്തിന് അർഹമായ തുക തെറ്റായി നൽകിയതുമൂലം അധികം വന്ന 4,000 രൂപ ഉത്തരവാദിയായ ബി.ഡി.ഒ. ശ്രീ. കെ. കെ. കൃഷ്ണനിൽ നിന്നും റവന്യൂ റിക്കവറി നടപടിപ്രകാരം ഈടാക്കിയിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.2.3 സമിതിയുടെ നിർദ്ദേശങ്ങൾ പ്രകാരം ധനസഹായം അനുവദിച്ചതിന്റെയോ അധികം നൽകിയ 4,000 രൂപ ഈടാക്കിയതിന്റെയോ വിവരങ്ങൾ നാളിതുവരെ ഈ ഓഫീസിൽ ലഭ്യമായിട്ടില്ല. ഈ ഓഫീസിൽ നിന്നും നടത്തിയ പ്രാദേശിക പരിശോധനയിൽ രസീത് നമ്പർ 44/957/3-9-2010 പ്രകാരം ശ്രീ. കെ. കെ. കൃഷ്ണൻ 4,000 രൂപ ഒടുക്കിയതായി ബോദ്ധ്യപ്പെട്ടു. 2007-08 വർഷത്തെ പൊതുവിഭാഗം തുകയിൽ നിന്നും എസ്.റ്റി. ഗുണഭോക്തൃവായ ഷൈലജ, എം. ടി., പാമ്പാടുംപാറ എന്ന ഗുണഭോക്തൃവിന് ഭവനനിർമ്മാണത്തിന് തുക നൽകിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 57

ശിപാർശ

2.3.1 വർക്ക് സൈറ്റിൽ ഇറക്കാത്ത സാധനങ്ങളുടെ പേരിൽ ചട്ടവിരുദ്ധമായും സാങ്കേതിക ഉദ്യോഗസ്ഥന്റെ മൂല്യനിർണ്ണയമോ പ്രസിഡന്റിന്റെ അനുവാദമോ കൂടാതെയും ഒരുലക്ഷം രൂപ മുൻകൂറായി നൽകിയതുവഴി വ്യക്തമായ സാമ്പത്തിക ക്രമക്കേട് കാണിച്ചിരിക്കുകയാണെന്നു സമിതി അഭിപ്രായപ്പെടുന്നു. പരിധിക്കപ്പുറം അഡ്വാൻസ് നൽകിയതിനും അധിക ചെലവിനും അനുമതി ലഭിച്ചതായി കാണുന്നില്ല. ഇക്കാര്യത്തിൽ

കണ്ടെത്തിയ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും അതിന്റെ റിപ്പോർട്ട് വിശദമായി പരിശോധിക്കുന്നതിന് സമിതിക്ക് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 5.8

ശിപാർശ

2.3.2 അസിസ്റ്റന്റ് എഞ്ചിനീയർ അളവ് രേഖപ്പെടുത്തിയതിനുശേഷം മുൻകൂർ നൽകാമെന്ന പ്രസിഡന്റിന്റെ നിർദ്ദേശം അവഗണിച്ച് മുൻകൂർ നൽകിയതുവഴി, അസിസ്റ്റന്റ് എഞ്ചിനീയർ ഗുരുതരമായ കൃത്യവിലോപമാണ് കാണിച്ചിരിക്കുന്നതെന്നും പ്രസ്തുത അസിസ്റ്റന്റ് എഞ്ചിനീയർക്ക് എതിരെ വകുപ്പുതല നടപടികൾ കൈക്കൊള്ളുണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.3.3 ടിഷ്യുകൾച്ചർ യൂണിറ്റ് നിർമ്മാണത്തിന് മുൻകൂറായി അനുവദിച്ച ഒരുലക്ഷം രൂപ പലിശസഹിതം കോൺട്രാക്ടർ ശ്രീ. ബാബു, വലിയതറയിൽ, കുഞ്ഞിത്തണ്ണി എന്നയാളിൽ നിന്നും റവന്യൂ റിക്കവറി നടപടിപ്രകാരം വസൂലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെ ടിയാനിൽ നിന്നും 89,810 രൂപ ഈടാക്കിയിട്ടുണ്ട്.

2.3.4 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ശിപാർശയുടെ പകർപ്പ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിരുന്നു. ആയതിന് അദ്ദേഹം നൽകിയ മറുപടിയിൽ ടി വിഷയത്തിൽ തനിക്ക് യാതൊരു ഉത്തരവാദിത്വവും ഇല്ലായെന്നും തന്റെ പേരിൽ ശിപാർശ ചെയ്തിട്ടുള്ള മേൽനടപടികൾ ഒഴിവാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

2.3.5 മേൽവിഷയത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഉത്തരവാദിയല്ലാത്തതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ അളവ് രേഖപ്പെടുത്തിയശേഷം മുൻകൂർ നൽകാം എന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർദ്ദേശിച്ചിരുന്നു. എങ്കിലും അസിസ്റ്റന്റ് എഞ്ചിനീയർ അളവുകൾ രേഖപ്പെടുത്താതെയും പ്രസിഡന്റിന്റെ തുടർ അനുമതി ഇല്ലാതെയും സെക്രട്ടറി സ്വേച്ഛാപരമായിട്ടാണ് മുൻകൂർ നൽകിയിട്ടുള്ളത്. ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശത്തിലും സെക്രട്ടറി ശ്രീ. കെ. കെ. കൃഷ്ണനെയാണ് വിഷയത്തിൽ ഉത്തരവാദിയാക്കിയിട്ടുള്ളത്. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറെ മേൽനടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.3.6 റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി ഇടുക്കി ജില്ലാ കളക്ടർക്ക് നൽകിയ അപേക്ഷ മാത്രം ഈ ഓഫീസിൽ ലഭ്യമായിട്ടുണ്ട്. റിക്കവറി നടപടിയുടെ പുരോഗതി സംബന്ധിച്ചോ 89,810 രൂപ ഈടാക്കിയതു സംബന്ധിച്ചോ യാതൊരു അറിയിപ്പും ലഭിച്ചിട്ടില്ല. എങ്കിലും ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നടത്തിയ പ്രാഥമിക പരിശോധനയിൽ കോൺട്രാക്ടർ ശ്രീ. ആർ. ബാബു എന്നയാളിൽ നിന്നും റവന്യൂ റിക്കവറി വഴി 1-12-2010 വരെ 1,06,097 രൂപ ഈടാക്കിയതായി ബോദ്ധ്യപ്പെട്ടു.

2.3.7 അസിസ്റ്റന്റ് എഞ്ചിനീയർ അല്ലെന്ന് രേഖപ്പെടുത്താതെയും പ്രസിഡന്റിന്റെ അനുമതി ഇല്ലാതെയും സെക്രട്ടറി മുൻകൂർ അനുവദിച്ചതിനാൽ എഞ്ചിനീയറുടെ മറുപടി പരിഗണിക്കാവുന്നതാണ് എന്നഭിപ്രായപ്പെടുന്നു. വകുപ്പുതല ഇടർനടപടികളുണ്ടോ സ്വീകരിച്ചതായി ഈ ഓഫീസിനെ അറിയിച്ചിട്ടില്ല എന്നു റിപ്പോർട്ട് ചെയ്യുന്നു.

സമിതി ആരാഞ്ഞ അധികവിവരം

2.3.8 നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിൽ സ്ഥാപിക്കാൻ തീരുമാനിച്ച ടിഷ്യു കൾച്ചർ യൂണിറ്റ് പദ്ധതിക്ക്, ചട്ടവിരുദ്ധമായി മുൻകൂർ പണം അനുവദിച്ച ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാത്തതിന്റെ കാരണമെന്തെന്നും ഈ വിഷയത്തിന്മേൽ സ്വീകരിച്ചിട്ടുള്ള ഇടർനടപടി എന്താണെന്നുമുള്ള വിവരം ഒരുമാസത്തിനകം സമിതിക്ക് ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെട്ടു.

സമിതി ആരാഞ്ഞ അധികവിവരത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി

2.3.9 പരാമർശവിധേയനായ മുൻ സെക്രട്ടറി ശ്രീ. കെ. കെ. കൃഷ്ണൻ ഐ.എ.എ.വൈ. ഫണ്ട് തിരിമറി നടത്തിയതിന്റെ പേരിൽ 22-12-2009-ൽ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്യപ്പെട്ടുകയും സസ്പെൻഷനിൽ ഇരിക്കവെ 31-12-2009-ൽ സർവ്വീസിൽനിന്ന് വിരമിക്കുകയും ചെയ്തിട്ടുള്ളതാണ് എന്നും ടി വിഷയത്തിൽ നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ ജിയാന് തടവും പിഴയും വിധിച്ചിട്ടുള്ളതുമാണ് എന്ന് നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2.3.10 ടിഷ്യുകൾച്ചർ യൂണിറ്റ് പദ്ധതിയ്ക്ക് മുൻകൂറായി നൽകിയ 1,00,000 രൂപ (ഒരു ലക്ഷം രൂപ) ബന്ധപ്പെട്ട കോൺട്രാക്ടറിൽനിന്ന് റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിന് ഇടുക്കി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ആയതു പ്രകാരം

നാളിതുവരെ 1,00,760 രൂപ (ഒരു ലക്ഷത്തി എഴുന്നൂറ്റി അറുപത് രൂപ) തിയാനിൽനിന്ന് ഈടാക്കുകയും ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിരിക്കുന്നു.

സമിതി ആരാഞ്ഞ അധികവിവരത്തിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.3.11 നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 35 ടിഷ്യൂകൾച്ചർ യൂണിറ്റ് പദ്ധതിക്ക് മൂൻകൂറായി നൽകിയ 1,00,000 രൂപ (ഒരു ലക്ഷം രൂപ) ബന്ധപ്പെട്ട കോൺട്രാക്ടർ ശ്രീ. ആർ. ബാബുവിൽ നിന്നും നാളിതുവരെ 20 തവണകളായി മുതലും പലിശയും ഉൾപ്പെടെ ആകെ 1,11,447 രൂപ (ഒരു ലക്ഷത്തി പതിനൊന്നായിരത്തി നാനൂറ്റി നാൽപ്പത്തി ഏഴ് രൂപ) നെടുങ്കണ്ടം റവന്യൂ റിക്കവറി അഫസിൽദാർ ഈടാക്കി നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിലൊടുക്കിയിട്ടുണ്ട് എന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

2.3.12 3-11-1999-ൽ ഒരു ലക്ഷം രൂപ മൂൻകൂർ നൽകിയതിനാൽ ഒന്നാം തവണയായി 9,530 രൂപ ഈടാക്കിയ തീയതിയായ 31-3-2009-ൽ 10 വർഷത്തോളം ആയെങ്കിലും നാളിതുവരെ 11,447 രൂപ മാത്രമാണ് പലിശയിനത്തിൽ ഈടാക്കിയിട്ടുള്ളത്.

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

വർക്കല കഹാർ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

അനുബന്ധം

പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

ക്രമ നമ്പർ	ബന്ധപ്പെട്ട സ്ഥാപനം	ഖണ്ഡിക നമ്പർ	നിഗമനങ്ങൾ/ശുപാർശകൾ
1	അദ്ധ്യക്ഷസ്വയംഭരണ സ്ഥാപനം	1.1.19	ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിൽ പട്ടികജാതി ക്ഷേമത്തിനുവേണ്ടി നിർമ്മിച്ച ഡെയറി ഫാമിന്റെ കെട്ടിടം ചൂണ്ടിക്കാണിച്ച വിദഗ്ദ്ധന്റെ അഭിപ്രായം ആവശ്യപ്പെടുന്നതിന് ഉപയോഗ ശൂന്യമാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.
2	,,	1.2.17	ശ്രീ. കെ. ഇല്ലസീധരന്റെ പരിശ്രമം നിന്നും കണ്ണും ഇയാളെക്കണ്ടെത്തുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി എൻട്രി നടത്തുന്നതിനുള്ള ഓപ്ഷൻ (ഓഡിറ്റ് റിക്കവറി) അസാധുവാക്കി നൽകുന്നതിനു വേണ്ട അടിയന്തരമായി റിക്കവറി നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.
3	,,	1.3.13	പഞ്ചായത്തിന് വിട്ടുകിട്ടാത്ത സ്ഥലത്ത് കെട്ടിടം നിർമ്മിച്ചത് ക്രമവിരുദ്ധവും സർക്കാർ ഫണ്ടിന്റെ ദുർവിനിയോഗവുമാണെന്ന് സമിതി വിലയിരുത്തുന്നു. സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ കൊണ്ടുവരുവാൻ വേണ്ട നടപടികൾ ബ്ലോക്ക് പഞ്ചായത്ത് അധികൃതർ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.
4	,,	1.4.8	വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.